(എ) 8.7.1997 നു നിലവിൽ വന്ന കെ.എ.പി. 4-ാം ബറ്റാലിയ നിലേക്കുള്ള റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ ആകെ എത്ര പേരെയാണ് നിയമനത്തിന് ശുപാർശ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുവാൻ പോകുന്നതി നാൽ പരമാവധി നിയമനം നടത്തണമെന്ന് അഭ്യർത്ഥിച്ച് ഉദ്യോഗാർത്ഥികൾ ഗവൺമെന്റിനു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് തന്നെ മുഴു വൻ ഒഴിവുകളിലേക്കും നിയമനം നടത്താൻ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

റേഷനരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടി

96 (753)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വി നോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ അരിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ റേഷനരി കെട്ടിക്കിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തു മോ?

ഉത്തരം

(എ) ഓരോ ആഴ്ചയിലും എഫ്.സി.ഐ. യിൽ നിന്നും എടുക്കുന്ന അരി ജില്ലാ സപ്ലൈ ഓഫീസർ, എഫ്.സി.ഐ. ഡിസ്ട്രിക്ട് മാനേജർ, ക്വാളിറ്റി കൺട്രോളർ എന്നിവർ ചേർന്ന് പരിശോധിച്ചു ഗുണനിലവാരം ഉറപ്പു വരുത്തിയ ശേഷമാണ് തെരഞ്ഞെടുക്കുന്നത്. ഗുണനിലവാരം ഉറപ്പുവരു ത്തിയ അരി മാത്രമേ വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണിൽ നിന്നും എടുക്കാവൂ എന്ന് സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
ചില്ലറ വിൽപ്പന ഡിപ്പോകളിലും മൊത്ത വിൽപ്പന ഡിപ്പോകളിലും സിവിൽ സപ്ലൈസ് വകുപ്പിന്റെ മൊബൈൽ പരിശോധനാ വിഭാഗം പരിശോധന നടത്തി വരുന്നുണ്ട്.

(ബി)-(സി) 1.4.2000 മുതൽ കേന്ദ്ര സർക്കാർ റേഷനരിക്ക് വില വർദ്ധി പ്പിച്ചത് കാരണം റേഷനരിയുടെ വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടാവു കയും ഗോഡൗണുകളിൽ സ്റ്റോക്ക് കെട്ടി കിടക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. 19.6.2000-ൽ സംസ്ഥാനത്തെ എഫ്.സി.ഐ. ഡിപ്പോകളിൽ മൊത്തം 432073 മെ.ടൺ അരിയും 151970 മെ.ടൺ ഗോതമ്പും സ്റ്റോക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly